"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ക്ലറിക്കൽ അസിസ്റ്റന്റായ ശ്രീ. ഷാജി. എ - യുടെ മാതാവിന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

സ.ഉ.(സാധാ) നം.5467/2024/GAD തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:-
1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 09.11.2022-ലെ എസി1-1/129/2021-കെ.പി.എസ്.സി. നമ്പർ കത്ത്.
2. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിന്റെ 13.04.2023 — ലെ സ്പെ.ഇ1/158/2022/പൊഭവ നമ്പർ കത്ത്.
3. സി.എം.ഒ. പോർട്ടൽ മുഖേന ശ്രീമതി ജമീല ബീവി സമർപ്പിച്ച 12.07.2023 — ലെ നിവേദനം.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ക്ലറിക്കൽ അസിസ്റ്റന്റ് ആയ ശ്രീ. ഷാജി. എ - യുടെ മാതാവായ ശ്രീമതി. ജമീല ബീവിയുടെ കോവിഡ് സംബന്ധമായ ചികിത്സയ്ക്ക് കൊട്ടിയം ഹോളി ക്രോസ് ആശുപത്രിയിൽ ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആയി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം പി.എസ്.സി സെക്രട്ടറി ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു. എന്നാൽ Kollam, GMCH ആശുപത്രിയിലും, എംപാനൽ ചെയ്ത ആശുപത്രികളിലും ടി ചികിത്സ സൗജന്യമായി ലഭ്യമായിട്ടുള്ളതിനാൽ ടി ചികിത്സയ്ക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് അനുവദനീയമല്ലായെന്ന വിവരം പരാമർശം (2) പ്രകാരം പി.എസ്.സി സെക്രട്ടറിയെ അറിയിച്ചിരുന്നു.

എന്നാൽ ശ്രീമതി. ജമീല ബീവിയ്ക്ക് കോവിഡ് പോസിറ്റീവ് ആകുകയും അതേ തുടർന്ന് അസുഖം മൂർച്ചിച്ചതിനാൽ ടിയാളെ കൊല്ലം ജില്ലാ ആശുപത്രിയുടെ കോവിഡ് സെന്റർ ആയ സി.എഫ്.സി.റ്റി-കൊല്ലം ഹോക്കി സ്റ്റേഡിയത്തിൽ പ്രവേശിപ്പിക്കുകയും, തുടർന്ന് ന്യൂമോണിയ ആയി അത്യാസന്ന നിലയിലാകുകയും ഡോക്ടറുടെ നിർദ്ദേശ പ്രകാരം മറ്റ് കൂടുതൽ സൗകര്യമുള്ള ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തതായും ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോകുന്ന യാത്രയ്ക്കിടയിൽ അസുഖം മൂർച്ചിച്ചതിനെ തുടർന്ന് ജീവൻ രക്ഷാർത്ഥം കൊട്ടിയത്തുള്ള ഹോളിക്രോസ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയാണ് ഉണ്ടായതെന്നും ആതിനാൽ ടി ചികിത്സയ്ക്ക് ചിലവായ തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.എം.ഒ പോർട്ടൽ മുഖേന ശ്രീമതി. ജമീലാ ബീവി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ക്ലറിക്കൽ അസിസ്റ്റന്റ് ആയ ശ്രീ. ഷാജി എ. - യുടെ മാതാവായ, ശ്രീമതി. ജമീല ബീവിയുടെ diabetics mellitus, hypertension, കോവിഡ് എന്നീ ചികിത്സകൾക്ക്, ബന്ധപ്പെട്ട ബില്ലുകൾ അപേക്ഷകനിൽ നിന്നും കൈപ്പറ്റി പരിശോധിച്ചുറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, കൊട്ടിയം ഹോളി ക്രോസ് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 61,359/- രൂപയുടെ 80% തുകയായ 49,087/- രൂപ (നാൽപത്തിയൊൻപതിനായിരത്തി എൺപത്തിയേഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ശ്രീമതി. ജമീലാ ബീവി, പാലവിള പടിഞ്ഞാറ്റത്തിൽ, തട്ടാർകോണം പി.ഒ., കൊല്ലം -5
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കൊല്ലം
ആരോഗ്യ വകുപ്പ് (G2/292/2024/H&FWD dated 18.11.2024)
ധനകാര്യ വകുപ്പ് (L1/346/2023/Fin dated 10.12.2024)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 11-12-2024 15:47:21
സെക്ഷൻ ഓഫീസർ